"ഭരണഭാഷ-മാതൃഭാഷ"

**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ചീഫ് എഞ്ചിനീയറുടെ കാര്യാലയം**
**(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)**
**സ്വരാജ് ഭവൻ, അഞ്ചാംനില**
**നന്തൻകോട്, കവടിയാർ പി ഒ**
**തിരുവനന്തപുരം-03**

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. DB3/753/2013/CE/LID&EW　　　　തീയതി:10.11.2022

## സർക്കുലർ

വിഷയം :- തസ്വഭവ - LID&EW - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ - റോഡ് കണക്ടിവിറ്റി മാപ്പിംഗ് - അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :-
1. ബഹു. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 20.10.2022, 3.00pm-ന് നടന്ന യോഗത്തിലെ തീരുമാനം.
2. 2022 ഒക്ടോബർ മാസം 21-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിലെ നിർദ്ദേശം.
3. പഞ്ചായത്ത് വകുപ്പ് സർക്കുലർ നമ്പർ PAN/3173/2021-J1(DP), തീയതി 31.10.2022.
4. അർബൻ വകുപ്പ്, സർക്കുലർ നമ്പർ DUA/3392/2022-DC4, തീയതി 28.10.2022.

******

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് നടത്തി വരുന്നുണ്ട്. Kerala State Remote Sensing and Environment Center (KSREC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റെയും, R-track mobile application-ന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി തുക ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതും, ആയത് സംബന്ധിച്ച് സൂചന(3) പ്രകാരം പഞ്ചായത്ത് വകുപ്പും, സൂചന(4) പ്രകാരം അർബൻ വകുപ്പും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എല്ലാ ജില്ലകളിലും 2022 നവംബർ 30 ന് മുൻപ് R-track Data Collection & Processing പൂർത്തീകരിക്കേണ്ടതാണ്. 2022 നവംബർ 30 തീയതി മുതൽ R-track Data base-ലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും അടുത്ത സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഗ്രാന്റ്(R) ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുക എന്നതിനാലും, സൂചന (1) പ്രകാരം ടി വിഷയം സംബന്ധിച്ച് കർശനമായ നിർദ്ദേശം ലഭ്യമായിട്ടുള്ളതിനാലും, എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മേൽ വിഷയത്തിൽ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഉള്ളടക്കം:- സൂചന (3) & (4)

**ചീഫ് എഞ്ചിനീയർ**

As/-

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
സ്വരാജ് ഭവൻ,നന്തൻകോട്
കവടിയാർ പി.ഒ. തിരുവനന്തപുരം - 695003
directorofpanchayat@gmail.com
0471-2323286 തീയതി : 31/10/2022

# സർക്കുലർ

**സർക്കുലർ നം::PAN/3173/2021-J1(DP)**

വിഷയം: പഞ്ചായത്ത് വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ - റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് -അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ -സംബന്ധിച്ച്

സൂചന:
1. ഈ ഓഫീസിൽ നിന്നുള്ള 23.11.2021 ലെ ഇതേ നമ്പർ കത്ത്
2. ബഹു.തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 20.10.2022 ,3.00 PM ന് നടന്ന യോഗത്തിലെ തീരുമാനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് നടത്തി വരുന്നുണ്ട്. Kerala State Remote Sensing and Environment Centre (KSREC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിന്റെയും R-track mobile application -ന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത് . പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി തുക ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതും വാർഡ് ഒന്നിന് ₹ 3000 നിരക്കിൽ പദ്ധതി ഏറ്റെടുക്കുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നതുമാണ്. എന്നാൽ പല പഞ്ചായത്തുകളും പ്രസ്തുത പദ്ധതി ഏടെടുത്തിരുന്നില്ല എന്നതിനാൽ റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സാധിക്കാത്ത അവസ്ഥ ഉണ്ട്. പ്രസ്തുത സാഹചര്യത്തിൽ റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു

**1. വാർഡ് ഒന്നിന് 3000/- രൂപ നിരക്കിൽ പദ്ധതി ഏറ്റെടുത്തിട്ടില്ലാത്ത പഞ്ചായത്തുകൾ അടിയന്തിരമായി പദ്ധതി തയ്യാറാക്കി തുക കൈമാറണം**

2. കാസർഗോഡ് , വയനാട് , മലപ്പുറം ,കോഴിക്കോട് ജില്ലകളിൽ KSREC -യുമായുള്ള കരാർ ,എഞ്ചിനീയർമാർക്കുള്ള പരിശീലനം , R-Track ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലുള്ള ആളുകളെ കണ്ടെത്തൽ -അവർക്കുള്ള പരിശീലനം എന്നിവ അടിയന്തിരമായി പൂർത്തിയാക്കി ഡാറ്റ കളക്ഷൻ ആരംഭിക്കുന്നതിന് വേണ്ട എല്ലാ സഹായ സഹകരണങ്ങളും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നൽകണം

4. എല്ലാ ജില്ലകളിലും 2022 നവംബർ 30 ന് മുമ്പ് R-Track Data Collection & Processing പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം

5. അടുത്ത സാമ്പത്തിക വർഷം മുതൽ R-Track -ൽ ലഭ്യമായിട്ടുള്ള ഡാറ്റ അനുസരിച്ചായിരിക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുക എന്നതിനാൽ മേൽ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ പഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

H. DINESHAN IAS

DIRECTOR OF PANCHAYATH

1. എല്ലാ ഗ്രാമ-ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. കരുതൽ /അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.10.31 22:58:13 IST
Reason: Approved

DUA/3392/2022-DC4


തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്
ഒന്നാം നില സ്വരാജ് ഭവൻ
നന്തൻകോട്
തിരുവനന്തപുരം 695003
e-mail : duatvpm@gmail.com, Ph: 0471-2318896


==========================================================

**സർക്കുലാർ**

തീയതി: 28-10-2022

| | | |
|---|---|---|
| സൂചന | 1 | 2022 ഒക്ടോബർ മാസം 21 ന ചേർന്ന വികേന്ദ്രികൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയിലെ നിർദ്ദേശം |
| | 2 | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 20.10.2022ന ചേർന്ന യോഗ തീരുമാനം. |

നഗരസഭകളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. Kerala State Remote Sensing and Environment Centre (KSREC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R- track mobile application ന്റേയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇത് സംബന്ധിച്ച് നഗരസഭകൾ പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2022 നവംബർ 30 ന് മുൻപ് എല്ലാ നഗരസഭകളിലും R track ഡാറ്റാ കളക്ഷൻ & പ്രോസസ്സിംഗ് പൂർത്തീകരിക്കേണ്ടതാണ്.

2 . 2022 നവംബർ 30 തീയതി മുതൽ R-track Database-ലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും അടുത്ത സാമ്പത്തികവർഷത്തെ മെയിന്റനൻസ് ഗ്രാന്റ് (R) ഫണ്ട് നഗരസഭകൾക്ക് സർക്കാർ ലഭ്യമാക്കുക. ആയതിനാൽ Database-ലുള്ള വിവരങ്ങളുടെ ആധികാരികത എല്ലാ നഗരസഭാ സെക്രട്ടറിമാരും ഉറപ്പുവരുത്തേണ്ടതാണ്.

3. റോഡ് കണക്ടിവിറ്റി മാപ്പിംഗ് പ്രവർത്തികൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി എല്ലാ കോർപ്പറേഷനിലെയും മുനിസിപ്പാലിറ്റിയിലെയും വാർഡു ഒന്നിന് 5,000/- രൂപ എന്ന നിരക്കിൽ നഗരസഭക്ക് ചെലവാക്കാവുന്നതാണ്.

4. മേൽ പ്രവർത്തികൾ 2022 നവംബർ 30 ന മുൻപായി പൂർത്തീകരിക്കേണ്ടതിനാൽ എല്ലാ നഗരസഭ സെക്രട്ടറിമാരും അടിയന്തരമായി ഇതിനായുള്ള പദ്ധതി രൂപീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ARUN K VIJAYAN I.A.S
DIRECTOR

Signed by
Arun K Vijayan I.a.s
Date: 28-10-2022 17:54:43

എല്ലാ നഗരസഭ സെക്രട്ടറിമാർക്കും
എല്ലാ മേഖല ജോയിന്റ് ഡയറക്ടർമാർക്കും